
ചേർപ്പ് ഭഗവതിയുടെ
1436 – ാമത്
പെരുവനം
ആറാട്ടുപുഴ
പൂരം
2018 മാർച്ച് 26-29
കൊല്ലവർഷം 1193
മീനം 12 – 15
ചേർപ്പ് ഭഗവതി കൾച്ചറൽ & ഫെസ്റ്റിവൽ കമ്മിറ്റി
(രജി. നമ്പർ : TSR/TC/761/2014)



ഭക്തജനങ്ങളെ,

പാരമ്പര്യത്തിന്റെ സഹസ്രാബ്ദങ്ങൾ പിന്നിട്ട് ദേവമേളകളായ പെരുവനം-ആറാട്ടുപുഴ പൂരങ്ങൾ 1436-ാം വർഷത്തിലേക്ക് പ്രവേശിക്കുകയാണ്. ഉച്ചത്തിൽ തിളങ്ങി കാലത്തിന്റെ വേലിയിറക്കത്തിൽ അസ്തമിച്ച എത്രയോ രാജവംശങ്ങൾ, ദേവദത്തമായ വാദനവൈദഗ്ധ്യവുമായി ദേവമേളകളെ ധന്യമാക്കിയ എത്രയോ അനുഗ്രഹീത കലാകാരൻമാർ. കൂട്ടിയെഴുന്നള്ളിപ്പ് ദർശിച്ച് നിർവൃതിയടഞ്ഞ എത്രയോ പുരുഷായുസ്സുകൾ. പാതിരാത്രിയിൽപോലും ദേവീദേവന്മാർ കൊട്ടിപ്പുറപ്പെടുകയും, ആറാടുകയും ചെയ്യുന്ന, ഒന്നു കാതു കൂർപ്പിച്ചാൽ ഒരു വലംതലയുടെയോ, ആനച്ചങ്ങലയുടെയോ ശബ്ദം കേൾക്കാവുന്ന ഒരു കൂട്ടായ്മയുടെ ജീവസുറ്റ സംസ്കാരം ഇന്നും ഇവിടെയുണ്ട്.

ഭൂമി ക്ഷമയാണ്, സർവ്വംസഹയാണ്, സ്നേഹമാണ്, ഉദർവ്വരതയുടെ ദേവതയാണ്, ആതിഥേയയാണ്. ചേർപ്പ് ഭഗവതിയുടെ ചരിത്രവും ഐതിഹ്യവും ഈ ആതിഥേയത്വത്തിന്റെ കഥകളുമായി ഇഴചേർന്നു കിടക്കുന്നു. വെള്ളയും കരിമ്പടവും വിരിച്ച് അതിഥി ദേവൻമാരെ സ്വീകരിച്ചിരുന്നതും ചേർപ്പ് ഭഗവതിയാണെന്ന് പഴമക്കാർ അഭിമാനത്തോടെ പറയാറുണ്ട്. പവിത്രമായ ആ ആതിഥേയത്വത്തിന്റെ 1435 ആണ്ടുകളുടെ ഊഷ്മള സ്മൃതികളുമായി വീണ്ടുമൊരു പൂരക്കാലം കൂടി ഒരു ചരിത്ര നിയോഗം പോലെ നമുക്ക് എതിരേൽക്കാം.

ചേർപ്പ് ഭഗവതി കൾച്ചറൽ & ഫെസ്റ്റിവൽ കമ്മിറ്റിക്കുവേണ്ടി

**കെ. രാജീവ്മേനോൻ**
(ചെയർമാൻ)
✆ 9447254520

**വേണു പ്ലാക്കൽ**
(ജനറൽ കൺവീനർ)
✆ 9446023324

**പി. ആർ. സുബ്രഹ്മണ്യൻ (സുഭാഷ്)**
(ട്രഷറർ)
✆ 8281625058

**എ. ഉണ്ണികൃഷ്ണൻ**
(വൈസ് ചെയർമാൻ)
✆ 9447260740

**ഷിജീവൻ പട്ടത്ത്**
(വൈസ് ചെയർമാൻ)
✆ 9995504366

**എം. സുജിത്ത്കുമാർ**
(ജോയിന്റ് കൺവീനർ)
✆ 9947032812

**കെ. എസ്. ഗിരീഷ്**
(ജോയിന്റ് കൺവീനർ)
✆ 9847443230



**പെരുവനം ആറാട്ടുപുഴ പൂരം**

## ഭഗവതിയുടെ
# പൂരചടങ്ങുകൾ


| | | | |
|---|---|---|---|
| കൊടിമരം നാട്ടൽ | : | 02 - 03 - 2018 | വെള്ളി |
| അശ്വതി വേല | : | 19 - 03 - 2018 | തിങ്കൾ |
| മകീര്യം പുറപ്പാട് | : | 23 - 03 - 2018 | വെള്ളി |
| തിരുവാതിര ആറാട്ട് | : | 24 - 03 - 2018 | ശനി |
| പുണർതം ആറാട്ട് | : | 25 - 03 - 2018 | ഞായർ |
| പെരുവനം പൂരം | : | 26 - 03 - 2018 | തിങ്കൾ |
| ആയില്യം ആറാട്ട് | : | 27 - 03 - 2018 | ചൊവ്വ |
| മകം ആറാട്ട് | : | 28 - 03 - 2018 | ബുധൻ |
| ആറാട്ടുപുഴ പൂരം | : | 29 - 03 - 2018 | വ്യാഴം |
| ഉത്രം പാട്ട് | : | 30 - 03 - 2018 | വെള്ളി |
| കൊടികുത്ത്പൂരം | : | 31 - 03 - 2018 | ശനി |



## കൊടിമരം നാട്ടൽ

**02 – 03 – 2018 (18 കുംഭം 1193) വെള്ളി**

കുംഭമാസത്തിലെ പൂരം നാളിൽ പൂരാഘോഷങ്ങൾക്ക് നാന്ദികുറിച്ചുകൊണ്ട് ക്ഷേത്രത്തിൽ കൊടിമരം നാട്ടുന്നു. ദേശത്തെ കാരണവർ വടിയെറിഞ്ഞു നിശ്ചയിക്കുന്ന ദിശയിലെ ഏറ്റവും ഉത്തമമായ കവുങ്ങ് വെട്ടിയെടുത്ത് കൊണ്ടുവന്ന് കൊടിമരമായി നാട്ടുന്നു. തുടർന്ന് ഇന്നേക്ക് 28-ാംപക്കം ആറാട്ടുപുഴ പൂരം എന്ന് നടത്തുന്ന വിളംബരത്തോടെ ചടങ്ങ് പൂർത്തിയാകുന്നു.



പെരുവനം ആറാട്ടുപുഴ പൂരം



# അശ്വതി വേല

**19 – 03 – 2018 (5 മീനം 1193) തിങ്കൾ**

ഭഗവതി അനുഗ്രഹവർഷം ചൊരിയുന്ന മീനമാസത്തിലെ അശ്വതി ദിവസം വൈവിദ്ധ്യമാർന്ന ചടങ്ങുകളാൽ ആകർഷകമാണ്. സമ്പൽസമൃദ്ധിക്കും സൽസന്താനലബ്ധിക്കും അത്യുത്തമമാണ് ഈ വിശേഷദിനത്തിലെ ക്ഷേത്രദർശനവും വഴിപാടുകളും.

രാവിലെ 8 മണിക്ക് - **കൊടിയേറ്റം**

വൈകീട്ട് 4.30 മുതൽ - **വെളിച്ചെണ്ണ സമർപ്പണം**

വൈകീട്ട് 7 മണിക്ക് - **അശ്വതിപണം വെയ്ക്കൽ**

രാത്രി 8 മണിക്ക് - **തേങ്ങാമുറി വിളക്ക്**

രാത്രി 10.30ന് - **3 ആനകളോടെ എഴുന്നെള്ളിപ്പ്, പഞ്ചാരിമേളം**









# വെളിച്ചെണ്ണ സമർപ്പണം

## വൈകീട്ട് 4.30 മുതൽ

സർവ്വൈശ്വര്യത്തിനും വിദ്യാഭ്യാസ ഉന്നതിക്കും അത്യുത്തമമായ വഴിപാടാണ് വെളിച്ചെണ്ണ സമർപ്പണം. ചേർപ്പ് ഭഗവതിക്ക് ഏറ്റവും പ്രിയങ്കരമായ വഴിപാടുകളിലൊന്നും ഇതാണ്. നൂറുകണക്കിന് ഭക്തജനങ്ങൾ ഈ ചടങ്ങിൽ പങ്കെടുത്ത് ഭഗവതിയുടെ അനുഗ്രഹാശിസ്സുകൾ ഏറ്റുവാങ്ങുന്നു.



# ചമയ സമർപ്പണം

22 – 03 – 2018 (8 മീനം 1193) വ്യാഴം
വൈകീട്ട് 6 ന്



ഭഗവതിയുടെ പൂരങ്ങൾക്ക് ആവശ്യമായ തലേക്കെട്ട്, പട്ടുകുട, ആലവട്ടം, വെൺചാമരം തുടങ്ങിയ ആനച്ചമയങ്ങൾ രോഹിണിനാളിൽ ഭക്തജനങ്ങൾ വഴിപാടായി സമർപ്പിച്ച് ഭഗവതിയുടെ അനുഗ്രഹത്തിന് പാത്രീഭൂതരാകുന്നു.

FORUS
BOUGAIN VILLAS
Premium Villas At Urakam Thrissur
FORUS INITIATIVES
BUILDERS & DEVELOPERS



CONTACT : +91 8086494949, +91 944724520, +487 2325315
www.forusbuilders.com
CREDAI



# മകീര്യം പുറപ്പാട്

**23 – 03 – 2018 (9 മീനം 1193) വെള്ളി**
**വൈകീട്ട് 6 മണിക്ക്**

പെരുവനം - ആറാട്ടുപുഴ പൂരങ്ങളുടെ നാന്ദികുറിക്കുന്ന ഭഗവതിയുടെ പൂരം പുറപ്പാട്. ചുറ്റമ്പലത്തിലെ ചടങ്ങുകൾക്ക് ശേഷം ആദ്യമായി ക്ഷേത്രമതിൽക്കെട്ടിന് പുറത്തിറങ്ങുന്ന ഭഗവതി പടിഞ്ഞാറെ നടയിലേക്ക് എഴുന്നെള്ളുന്നു. തുടർന്ന് 7 ആനകളുടെ അകമ്പടിയോടെ പെരുവനം കുട്ടൻമാരാരുടെ നേതൃത്വത്തിൽ പുകൾപെറ്റ പാണ്ടിമേളം. മേളം കലാശിച്ച ശേഷം ഭഗവതി ആറാട്ടിനായി നാദസ്വരത്തിന്റെ അകമ്പടിയോടും, നാട്ടുകാരുടെ നടപ്പുവിളികളോടുംകൂടെ വഴിനീളെ സ്വീകരണങ്ങൾ ഏറ്റുവാങ്ങി പെരുവനം തൊടുകുളത്തിൽ എത്തുന്നു. ആറാട്ടിനുശേഷം പടിഞ്ഞാട്ടുമുറി ചിറ്റൂർ മനയിലെ മുല്ലയ്ക്കൽ ഭഗവതിയുടെ മുൻപിലെ പറ സ്വീകരിക്കുന്നു. പൂരക്കാലത്ത് ആദ്യം എടുക്കുന്ന പറയും ഇതാണ്. തുടർന്നേ മറ്റു പറകൾ എടുക്കാവൂ എന്നാണ് ആചാരം. അതിനുശേഷം ചെറുചേനം ദേശത്തെ പറകൾ സ്വീകരിച്ച് അമ്പലപ്പിള്ളി മനയ്ക്കൽ ഇറക്കിപൂജ കഴിഞ്ഞ് ക്ഷേത്രത്തിൽ തിരിച്ചെത്തുന്നു.



# തിരുവാതിര ആറാട്ട്

**24 – 03 – 2018 (10 മീനം 1193) ശനി**

രാവിലെ 9 മണിക്ക്

**മിത്രാനന്ദപുരം ക്ഷേത്രകുളത്തിൽ**

ഇറക്കി പൂജകൾ :

ഇടപ്പലത്തുമന പെരുമ്പിള്ളിശ്ശേരി

ചിറ്റൂർ മന പടിഞ്ഞാട്ടുമുറി

പഴേടത്ത്മന പടിഞ്ഞാട്ടുമുറി



# പുണർതം ആറാട്ട്

**25 – 03 – 2018 (11 മീനം 1193) ഞായർ**

വൈകീട്ട് 6.30ന്

**നറുകുളങ്ങര ബലരാമക്ഷേത്രത്തിൽ**

3 ഗജവീരന്മാരുടെ അകമ്പടിയോടെ **പഞ്ചാരിമേളം.**
ശേഷം ക്ഷേത്രക്കുളത്തിൽ **ആറാട്ട്.**






# പെരുവനം പൂരം

പൂയം

26 – 03 – 2018 (12 മീനം 1193) തിങ്കൾ

അതിപ്രസിദ്ധമായ പെരുവനം പൂരം. പെരുവനം നടവഴിയെ പുളകം കൊള്ളിച്ചുകൊണ്ടുള്ള നിരവധി മേളങ്ങൾ. വിസ്തരിച്ചുള്ള കേളി, കൊമ്പ്, കുഴൽ പറ്റുകൾ. ദേവീദേവന്മാരുടെ തിടമ്പേറ്റാൻ ശിരസ്സുകുനിക്കുന്ന ഏറ്റവും തലയെടുപ്പുള്ള ഗജകേസരികൾ. തൊടുകുളത്തിൽ ഭക്തിരസം മുറ്റിനിൽക്കുന്ന ഭഗവതിമാരുടെ ആറാട്ടുകൾ. ഇനിയും ഒരു നൂറുജന്മമുണ്ടെങ്കിൽ അത് ഈ ഗ്രാമത്തിൽ തന്നെ വേണം എന്ന് ഏവരും ആഗ്രഹിക്കുന്ന നാളുകൾ.

പൂരത്തിൽ സുപ്രധാനമായ സ്ഥാനം അലങ്കരിക്കുന്ന ചേർപ്പ് ഭഗവതി രാത്രി 11 മണിയോടെ വലിയ പാണിക്കുശേഷം ക്ഷേത്രത്തിൽ നിന്ന് പുറപ്പെട്ട് തായംകുളങ്ങരയിൽ എത്തുന്നു. അവിടെ 3 ഗജവീരന്മാരുടെ അകമ്പടിയിൽ പ്രമുഖ കലാകാരൻമാർ അണിനിരക്കുന്ന മേജർസെറ്റ് പഞ്ചവാദ്യം. (പെരുവനം പൂരത്തിൽ പഞ്ചവാദ്യം ചേർപ്പ് ഭഗവതിക്ക് മാത്രമേ ഉള്ളൂ) തുടർന്ന് മേക്കാവ് ക്ഷേത്രത്തിന്റെ കിഴക്കേ നടയിലേക്കെത്തുന്നു. ശേഷം 7 ആനകളുടെ അകമ്പടിയോടെ പാണ്ടിമേളത്തോടുകൂടി പെരുവനം ക്ഷേത്രത്തിലേക്ക്. അവിടെ അയ്കുന്ന് ഭഗവതി ചേർപ്പ് ഭഗവതിയുടെ വലതുഭാഗത്ത് എഴുന്നെള്ളി പ്രദക്ഷിണമായി ശ്രീപാർവ്വതിയുടെ നടയിലേക്ക് എത്തുന്നു. പാണ്ടിമേളം കലാശിച്ചതിനുശേഷം വിശദമായ കൊമ്പ്പറ്റ്, കുഴൽപറ്റ്. പുലർച്ചെ 4.30ടുകൂടി പെരുവനം നടവഴിയിൽ ചരിത്ര പ്രസിദ്ധമായ പഞ്ചാരിമേളം. 250ൽപരം കലാകാരന്മാർ പത്മശ്രീ പെരുവനം കുട്ടൻമാരാരുടെ നേതൃത്വത്തിൽ നാദപ്രപഞ്ചം തീർക്കുന്നു. മേളം കൊട്ടികലാശിച്ച് പട്ടിണി ശംഖിനുശേഷം തൊടുകുളത്തിൽ ഭഗവതിമാരുടെ ആറാട്ട്. അതിനെ തുടർന്ന് പെരുവനം ക്ഷേത്രത്തിൽ അയ്കുന്ന് ഭഗവതിയുമായും തുടർന്ന് ആറാട്ടുപുഴ ശാസ്താവുമായും ഉപചാരം ചൊല്ലൽ. ഇതോടുകൂടി പെരുവനം പൂരചടങ്ങുകൾ പൂർത്തിയാക്കി ഭഗവതി ക്ഷേത്രത്തിലേക്ക് തിരിച്ച് എഴുന്നെള്ളുന്നു.



## ചമയപ്രദർശനം

**വൈകീട്ട് 6 മണി മുതൽ**

പെരുവനം ക്ഷേത്രത്തിന്റെ പടിഞ്ഞാറെ നടയിൽ ഭഗവതിയുടെ തനതു ക്ലാസിക്കൽ ശൈലിയിൽ പണിതീർത്ത ആനചമയങ്ങളുടെ പ്രദർശനം.









## ആയില്യം ആറാട്ട്

27 – 03 – 2018 (13 മീനം 1193) ചൊവ്വ
വൈകീട്ട് 5 മണിക്ക്

**പിടിക്കപറമ്പ്
ക്ഷേത്രകുളത്തിൽ**

## മകം ആറാട്ട്

28 – 03 – 2018 (14 മീനം 1193) ബുധൻ
വൈകീട്ട് 6 മണിക്ക് പെരുവനം തൊടുകുളത്തിൽ

ഇറക്കിപൂജകൾ :

**പടിഞ്ഞാറേടത്തുമന പെരുവനം
കീരങ്ങാട്ട്മന പെരുമ്പിള്ളിശ്ശേരി**



# ആറാട്ടുപുഴ പൂരം

29-03-2018
(15 മീനം 1193) വ്യാഴം



പ്രാചീന സമ്പ്രദായങ്ങളും അനവധി ചടങ്ങുകളും ഉൾക്കൊള്ളുന്ന ആറാട്ടുപുഴ പൂരം കേവലം ഒരു ആഘോഷം മാത്രമല്ല. അന്നേദിവസം കാശിവിശ്വനാഥക്ഷേത്രം, കാഞ്ചിക്ഷേത്രം, വടക്കുനാഥക്ഷേത്രം തുടങ്ങിയ മഹാക്ഷേത്രങ്ങളിലെ ദേവീദേവന്മാരുടെ സാന്നിദ്ധ്യം കൂടി ആറാട്ടുപുഴയിൽ ഉണ്ടെന്നാണ് വിശ്വാസം.

ആറാട്ടുപുഴ പൂരദിവസം രാത്രി 1 മണിയോടുകൂടി വലിയപാണികൊട്ടി ബ്രാഹ്മണിപ്പാട്ടിന്റെ അകമ്പടിയോടെ ഭഗവതി പുറത്തേക്ക് എഴുന്നെള്ളുന്നു. നാദസ്വരത്തോടുകൂടി നാലുംകൂടിയ വഴി, പണ്ടാരച്ചിറ, കൊറ്റംകുളങ്ങര ക്ഷേത്രം, തേവർ റോഡുവഴി നിറപറകൾ സ്വീകരിച്ച് ആറാട്ടുപുഴ പാടത്ത് കൈതവളപ്പിന് സമീപം തെക്കോട്ടിറങ്ങി 35ൽപരം ഗജവീരന്മാരുടെ അകമ്പടിയോടുകൂടി, എഴുന്നെള്ളിപ്പിന് നെടുനായകത്വം വഹിക്കുന്ന തൃപ്രയാർ തേവരുടെ വലതുഭാഗം അലങ്കരിക്കുന്നു.




# കൂട്ടി എഴുന്നെള്ളിപ്പ്
## പുലർച്ചെ 5 മണിക്ക്



തൽസമയം ഊരകത്തമ്മതിരുവടി ചാത്തക്കുടം ശാസ്താവുമായി ചേർന്ന് ഇടതുഭാഗത്ത് അണിനിരക്കുന്ന തോടുകൂടി വിശ്വപ്രസിദ്ധമായ കൂട്ടിഎഴുന്നെള്ളിപ്പ് ആരംഭിക്കുന്നു.

സർവ്വാലങ്കാര വിഭൂഷിതനായ മഹാവിഷ്ണു വസുന്ധരാ ലക്ഷ്മിമാരോടുകൂടി അനുഗ്രഹവർഷം ചൊരിയുന്ന സമയത്ത് മുപ്പത്തിമുക്കോടി ദേവകളുടെയും സാന്നിദ്ധ്യം ഉണ്ടാകും. ജീവിതത്തിൽ ഒരിക്കലെങ്കിലും ഈ അസുലഭ മുഹൂർത്തത്തിന് സാക്ഷ്യം വഹിക്കാത്തവർ ഹതഭാഗ്യരാണെന്നാണ് വിശ്വാസം. ഈ പുണ്യദർശനത്തിന് ശേഷം തേവരും ഭഗവതിമാരും മന്ദാരംകടവിൽ ആറാടുന്നു. തുടർന്ന് ആറാട്ടുപുഴ ക്ഷേത്രത്തിൽ എത്തി കൂട്ടപ്പറകൾ സ്വീകരിച്ച് ശാസ്താവിന് ഉപചാരം ചൊല്ലി തിരിച്ച് സ്വക്ഷേത്രത്തിലേക്ക് എഴുന്നെള്ളുന്നു.





# ഉത്രംപാട്ട്

**30 – 03 – 2018 (16 മീനം 1193) വെള്ളി**

ഉത്രംനാളിൽ വൈകുന്നേരം തിമിലയുടേയും ചേങ്ങിലയുടേയും അകമ്പടിയോടെ വടക്കേ വാതിൽമാടത്തിൽ ബ്രാഹ്മണിഅമ്മ അണിഞ്ഞ് മുണ്ടിട്ട് പീഠംവെച്ച് പട്ടുവിരിച്ച് വിതാനിച്ച് ഒരുക്കിയിരിക്കുന്ന പാട്ടമ്പലത്തിലേക്ക് ഭഗവതിയെ എഴുന്നെള്ളിച്ചിരുത്തുന്നു. തുടർന്ന് ബ്രാഹ്മണിയമ്മ ദേവിയെ സ്തുതിച്ചുകൊണ്ടുള്ള ഗീതങ്ങൾ പാടുന്നു. ചടങ്ങുകൾക്ക് ശേഷം ഭഗവതിയെ ശ്രീലകത്തേക്ക് എഴുന്നെള്ളിക്കുന്നു.






# അത്തംകൊടികുത്ത് പൂരം

**31 – 03 – 2018 (17 മീനം 1193) ശനി**


ഉച്ചതിരിഞ്ഞ് 2 മണിക്ക് ഭഗവതി ക്ഷേത്രത്തിൽ നിന്ന് എഴുന്നെള്ളി തിരുവുള്ളക്കാവ് ക്ഷേത്രത്തിലെത്തുന്നു. പ്രദക്ഷിണം വെച്ച് അവിടുത്തെ കൊടിമരംതൊട്ട് പെരുവനം കിഴക്കേനടവഴിയിലേക്ക്. പൂരം കൊട്ടിക്കയറി പെരുവനം ക്ഷേത്രത്തിലെ പ്രദക്ഷിണങ്ങൾക്ക് ശേഷം തിരിച്ച് എഴുന്നെള്ളൽ. തുടർന്ന് പുത്തൻകുളം പരിസരത്തെ നിറപറകളും സ്വീകരണവും കഴിഞ്ഞ് 3 ആനകളുടെ അകമ്പടിയോടെ പഞ്ചവാദ്യം. ശേഷം ക്ഷേത്രത്തിൽ പ്രവേശിച്ച് പ്രദക്ഷിണം. തുടർന്ന് ആനകൊടിമരം കുത്തിതാഴെയിട്ട് കിഴക്കേനടയിൽ കൊണ്ടിടുന്നു. ഇതോടെ ഗൃഹാതുരത്വത്തിന്റെ ഒരുപിടി ഓർമ്മകൾ ബാക്കിവെച്ച് പെരുവനം - ആറാട്ടുപുഴ പൂരത്തിലെ ഭഗവതിയുടെ എല്ലാ ചടങ്ങുകളും പൂർത്തിയാകുന്നു.



# പൂരങ്ങൾക്ക് അണിനിരക്കുന്ന ഗജവീരന്മാർ



തിരുവമ്പാടി ചന്ദ്രശേഖരൻ



പാറമേക്കാവ് ശ്രീപത്മനാഭൻ



പാമ്പാടി രാജൻ



തിരുവാണിക്കാവ് രാജഗോപാലൻ



പാല കുട്ടിശങ്കരൻ



അന്നമനട ഉമാമഹേശ്വരൻ

# പൂരങ്ങൾക്ക് അണിനിരക്കുന്ന ഗജവീരന്മാർ



മാവേലിക്കര ഗണപതി




പാറന്നൂർ നന്ദൻ



ബാസ്റ്റ്യൻ വിനയസുന്ദർ


പൂരാശംസകളോടെ...



**POWER WATTS INVERTERS & SOLAR SYSTEMS**

(Pure Sinwave)





ഇൻവെർട്ടറും ഉയർന്ന ഗുണമേൻമയുള്ള On and On Battery കളും കമ്പനി വിലയ്ക്ക് ലഭിക്കുന്നു. (എല്ലാ ഇൻവെർട്ടറുകളിലും സോളാർ പ്രോഗ്രാം ചേർത്തിരിക്കുന്നു, ഭാവിയിൽ സോളാർ പാനൽ add ചെയ്യാം). നിങ്ങളുടെ വീടോ, കടയോ ആകട്ടെ... നിങ്ങൾക്ക് ആവശ്യമുള്ള വൈദ്യുതി ഉൽപാദിപ്പിക്കുന്ന സോളാർ ഇൻവെർട്ടറുകൾ. (20 വർഷം വരെ വാറണ്ടിയുള്ള ഏറ്റവും ഗുണനിലവാരമുള്ള സോളാർ പാനലുകൾ മാത്രം ഉപയോഗിക്കുന്നു). ബാറ്ററികൾക്ക് 5 വർഷം ഗ്യാരണ്ടി (ഗുണമേന്മയുള്ള കംപോണൻസ് മാത്രം ഉപയോഗിക്കുന്നു). 15 വർഷമായി Power Watts Inverterനെ വിശ്വാസമർപ്പിച്ച പ്രിയ കസ്റ്റമേഴ്സിന് പ്രത്യേകം നന്ദി.. തുടർന്നും ഇൻവർട്ടറിന്റെയും, സോളാറിന്റെയും എന്തു വർക്കിനും വിശ്വാസത്തോടെ നിങ്ങൾക്ക് വിളിക്കാം...



# നാദവിസ്മയം
## തീർക്കുന്നവർ



### ഉരുട്ടുചെണ്ട
പത്മശ്രീ പെരുവനം കുട്ടൻമാരാർ, കേളത്ത് അരവിന്ദാക്ഷൻ, പെരുവനം സതീശൻ മാരാർ, പഴുവിൽ രഘുനാഥ്, ചൊവ്വല്ലൂർ മോഹനൻ, പെരുവനം ശങ്കരനാരായണൻ, പെരുവനം ഗോപകുമാർ, പെരുവനം അനിൽകുമാർ മുതൽപേർ




### വലന്തല
ശ്രീ പെരുവനം ഗോപാലകൃഷ്ണൻ, കൊടകര സജി, ചെറുശ്ശേരി രാമദാസ്, അന്തിക്കാട് പത്മനാഭൻ, പെരുവനം പ്രകാശ് പിഷാരടി മുതൽപേർ



### കുറുംകുഴൽ
ശ്രീ വെളപ്പായ നന്ദനൻ, കൊമ്പത്ത് അനിൽകുമാർ, കൊമ്പത്ത് ചന്ദ്രൻ മുതൽപേർ




### കൊമ്പ്
ശ്രീ കുമ്മത്ത് രാമൻകുട്ടി, പൈപ്പോത്ത് ഉണ്ണികൃഷ്ണൻ, കൊമ്പത്ത് ശശി, കോങ്ങാട് രാധാകൃഷ്ണൻ, തൃക്കൂർ അനിലൻ, കുമ്മത്ത് ഗിരീഷ് മുതൽപേർ




### താളം
ശ്രീ മണിയംപറമ്പിൽ മണി, കുമ്മത്ത് നന്ദനൻ, പൈപ്പോത്ത് രാജൻ, പെരുവനം മുരളി മുതൽപേർ



### തിമില
ശ്രീ ചോറ്റാനിക്കര സുഭാഷ് നാരായണൻ മാരാർ, പെരുവനം കൃഷ്ണകുമാർ, ഒറ്റപ്പാലം ഹരി, ഉദയനാപുരം ഹരി, കലാമണ്ഡലം വിനയൻ, മുടിക്കോട് ഉണ്ണികൃഷ്ണൻ, മുടിക്കോട് ശ്രീജിത്ത്, പുതുക്കോട് ശരത് മുതൽപേർ



### മദ്ദളം
ശ്രീ കല്ലേകുളങ്ങര കൃഷ്ണവാര്യർ, പെരുവനം ഹരിദാസ്, കയില്യാട് മണികണ്ഠൻ, പനങ്ങാട്ടുകര പുരുഷോത്തമൻ, കലാമണ്ഡലം പ്രകാശ്, സദനം ഭരതരാജ് മുതൽപേർ



### ഇടയ്ക്ക
ശ്രീ തിരുവില്ല്വാമല ഹരി, പല്ലാവൂർ സന്തോഷ് മുതൽപേർ




| | | |
|---|---|---|
| ആനപ്പുറം | : | ശ്രീ. മുണ്ടാരപ്പിള്ളി ശങ്കരൻ നമ്പൂതിരി, ശ്രീ. പ്രസാദ് തിരുമേനി |
| നാദസ്വരം | : | ശ്രീ. സതീശൻ വല്ലച്ചിറ |
| കൈവിളക്ക് | : | ശ്രീ. മുരളി കരുവന്തല |
| ദീപാലങ്കാരം | : | ക്ലാസിക്ക് സൗണ്ട്, തിരൂർ |
| പന്തൽ | : | അനിഴം പന്തൽ വർക്സ്, ചേർപ്പ് |
| ഫോട്ടോസ് | : | പ്രഭ ചേർപ്പ് (ഇലക്ട്രോണിക്ക സ്റ്റുഡിയോ), ശിവൻ ആത്ര |
| നോട്ടീസ് ഡിസൈൻ & പ്രിന്റിങ്ങ് | : | സുധീർ, ഗ്ലിറ്ററ്റ്സ്, തൃശ്ശൂർ |

**പെരുവനം ആറാട്ടുപുഴ പൂരം**

## 2017ലെ പൂരങ്ങൾക്ക് ചമയം സമർപ്പിച്ചവർ:

**പട്ടുകുട** : ശ്രീകല സേതുമാധവൻ, ശ്രീലക്ഷ്മി അയിനിക്കാട്ടുവാര്യം, നന്ദൻ കൊടുങ്ങല്ലൂർ, മാലതി പോഴത്ത്, അഞ്ജലി മാരാർ, ബൈജു, വൈഗ, കവിത മാരാർ

**ആലവട്ടം** : കോയാത്ത് നാരായണൻകുട്ടി, ജയദേവവാര്യർ, ശ്രീകല, ശോഭ ചോരിഞ്ചത്ത്

**മകുടം (കോലം)** : ശേഖരവാര്യർ & സുരേഷ് തേങ്കാട്ടിൽ

## 2017ലെ പൂരങ്ങൾക്ക് കോലമാല സമർപ്പിച്ചവർ :

അജീഷ് പോർക്കാട്ടിൽ, ആനന്ദ് കോഞ്ചാത്ത്, അനീഷ് കെ, അപർണ & ഹേമ, ഡോ. ആത്മൻ, കൃഷ്ണൻ പുത്തൻമഠം, മണി വേണുഗോപാൽ, മോഹൻദാസ് പടിഞ്ഞാറേ പുരയ്ക്കൽ, പൂർണിമ ചോരിഞ്ചത്ത്, രാജൻ കളരിക്കൽ, രാജു, രോഹിത്ത് കോയാത്ത്, ശശി കോന്നങ്ങത്ത്, ശശികുമാർ പെരുമ്പിടി , ശോഭന, സുജിത്ത് മിത്രാനന്ദപുരം, സുബ്രഹ്മണ്യൻ.

## ചേർപ്പ് ഭഗവതി കൾച്ചറൽ & ഫെസ്റ്റിവൽ കമ്മിറ്റി ഭാരവാഹികൾ

| | | |
|---|---|---|
| ചെയർമാൻ | - | കെ. രാജീവ്മേനോൻ |
| ജനറൽ കൺവീനർ | - | വേണു പ്ലാക്കൽ |
| ട്രഷറർ | - | പി.ആർ. സുബ്രഹ്മണ്യൻ (സുഭാഷ്) |
| വൈസ് ചെയർമാൻമാർ | - | എ. ഉണ്ണികൃഷ്ണൻ, ഷിജീവൻ പട്ടത്ത് |
| ജോയിന്റ് കൺവീനർമാർ | - | എം. സുജിത്ത്കുമാർ, കെ.എസ്. ഗിരീഷ് |

**അംഗങ്ങൾ**

ടി.വി. ശേഖരൻകുട്ടി, പി. സുധാകരമേനോൻ, കെ. വിജയൻ, സുനിൽകുമാർ വരാപ്പുഴ, എൻ. ആർ. ഗോപിനാഥൻ, ശശി കോന്നങ്ങത്ത്, സുരേഷ് തേങ്കാട്ടിൽ, സി.കെ. ശിവശങ്കരൻ, മോഹനൻ കെ, പി. അനിൽകുമാർ മാസ്റ്റർ, പി. ഉണ്ണികൃഷ്ണൻ, നാരായണൻകുട്ടി (നിതാവിഹാർ), രാജു കടാമ്പുഴ, സുജിത്ത് വിജയൻ, അർജ്ജുനൻ കോന്നങ്ങത്ത്, കെ. കൃഷ്ണപ്രസാദ്, ജയകൃഷ്ണൻ, കെ. നന്ദുകൃഷ്ണൻ, വിഷ്ണുമേനോൻ, അനിൽകുമാർ സി, വിഷ്ണു കോന്നങ്ങത്ത്, ജിനേഷ് ആത്ര, ശരത് എൻ, ശിവൻ ആത്ര, രാഹുൽ അച്ചുതൻ, സുനിൽദാസ് ആത്ര, വിനു കണ്ണേമ്പത്ത്, പ്രദീപ് ആത്ര, അനീഷ് കെ, അനു കണ്ണേമ്പത്ത്.

## ആദരാഞ്ജലികൾ



അകാലത്തിൽ പൊലിഞ്ഞ ക്ഷേത്രം തന്ത്രി
**കെ. പി. സി. ഉണ്ണിഭട്ടതിരിപ്പാടിന്**
ആദരാഞ്ജലികൾ

*വിശദവിവരങ്ങൾക്ക്*

# ചേർപ്പ് ഭഗവതി ക്ഷേത്രം

**ചേർപ്പ് പടിഞ്ഞാട്ടുമുറി, തൃശ്ശൂർ - 680 561**


**ഫോൺ : 0487 2341151, മൊബൈൽ : 9447641797, 9400741151**

E-mail : cherpubhagavathypooram@gmail.com

ഡിഡി, ചെക്ക് എന്നിവ
**കൺവീനർ, ചേർപ്പ് ഭഗവതി കൾച്ചറൽ & ഫെസ്റ്റിവൽ കമ്മിറ്റി**
എന്ന പേരിൽ എടുക്കേണ്ടതാണ്.

അക്കൗണ്ട് നമ്പർ : **32834575928, IFSC Code : SBIN0008606**
സ്റ്റേറ്റ് ബാങ്ക് ഓഫ് ഇന്ത്യ, ചേർപ്പ് ബ്രാഞ്ച്





# ഗൗരീദേവി പുരസ്ക്കാരം
# ശ്രീ പൈപ്പോത്ത് രാജന്

**മകീര്യം പുറപ്പാട് ദിവസം (2018 മാർച്ച് 23 വെള്ളിയാഴ്ച)**
**വൈകീട്ട് ചേർപ്പ് ഭഗവതി ക്ഷേത്രനടയിൽ വെച്ച് സമർപ്പിക്കുന്നു.**

1952 മെയ് മാസം 29 (1127 എടവം) പൂയ്യം നക്ഷത്രത്തിൽ ജനിച്ചു. ചേർപ്പ് ദേശത്ത് പാലിയത്ത് കൃഷ്ണൻനായരുടേയും പൈപ്പോത്ത് കുഞ്ചുകുട്ടിയമ്മയുടേയും പ്രഥമ പുത്രൻ. ചേർപ്പ് ജെ.ബി.എസ്. സ്കൂളിലും, സി.എൻ.എൻ ബോയ്സ് സ്കൂളിലും വിദ്യാഭ്യാസം. വിദ്യാഭ്യാസത്തിന് ശേഷം കലാരംഗത്തേക്ക് പ്രവേശിച്ചു. ചേർപ്പ് ഭഗവതി ക്ഷേത്രത്തിലെ മണ്ഡലശീവേലിയും പെരുവനം ആറാട്ടുപുഴ പൂരങ്ങളും മേളരംഗത്തേക്ക് വരുവാൻ മോഹമുണ്ടാക്കി. പെരുവനം അപ്പുമാരാരുടെ മാർഗ്ഗനിർദ്ദേശങ്ങളോടെ ചേർപ്പ് ഭഗവതിയുടെ ശീവേലിക്ക് കുമ്മത്ത് വേണുഗോപാലന്റെ പകരക്കാരനായി ഇലത്താളം കൊട്ടി ശീലിച്ചു.

1975 ഡിസംബർ 22 - ാം തിയ്യതി പല്ലിശ്ശേരി ഭഗവതി ക്ഷേത്രത്തിൽ 7 - ാം വേലയുടെ പാണ്ടിമേളത്തിന് പെരുവനം അപ്പുമാരാരുടെ കൂടെ ഇലത്താളംകൊട്ടി അരങ്ങേറ്റം കുറിച്ചു. തുടർന്ന് തൃപ്രയാർ ക്ഷേത്രത്തിൽ ഏകാദശി, പൂരം എന്നീ വിശേഷങ്ങൾക്കും ചേർപ്പ്, പെരുവനം, ഊരകം പ്രദേശങ്ങളിലെ മേളങ്ങൾ, തൃശ്ശൂർ പൂരം, തൃപ്പൂണിത്തുറ, തൃക്കൂർ, ഇരിങ്ങാലക്കുട, കൊടുന്തിരപ്പിള്ളി, ആറാട്ടുപുഴ, ബോംബെ, മദ്രാസ്, ബഹറിൻ എന്നീ സ്ഥലങ്ങളിലും മേളത്തിൽ പങ്കെടുത്തുവരുന്നു.

1991 - ൽ കേരളസർക്കാർ റവന്യൂ ഡിപ്പാർട്ട്മെന്റിൽ വില്ലേജ്മാനായി ജോലിയിൽ പ്രവേശിച്ച് 2007 - ൽ വിരമിച്ചു. കോടന്നൂരിൽ മേലുവീട്ടിൽ ഭാരതി സഹധർമ്മിണിയും രാജീവ്, രോഹിണി എന്നിവർ മക്കളുമാണ്. 2007 - ൽ പെരുവനം മേക്കാവ് ക്ഷേത്രത്തിൽനിന്നും, 2015 - ൽ തൃക്കൂർ മഹാദേവ ക്ഷേത്രത്തിൽനിന്നും സുവർണ്ണമുദ്രയും, 2017 - ൽ തൃപ്രയാർ ക്ഷേത്രവാദ്യകല ആസ്വാദക സമിതി ശ്രീരാമപാദസുവർണ്ണമുദ്രയും നൽകി ആദരിച്ചിട്ടുണ്ട്.ചേർപ്പിലമ്മയുടെ അനുഗ്രഹത്താൽ ഒരു കലാകാരനാകുവാൻ സാധിച്ചു എന്ന് ശ്രീ. രാജൻ ആത്മാർത്ഥമായി വിശ്വസിക്കുന്നു.

# പെരുവനം അപ്പുമാരാർ സ്മാരക പുരസ്കാരം
# ശ്രീ കേളത്ത് അരവിന്ദാക്ഷമാരാർക്ക്

**2018 മാർച്ച് 27 ചൊവ്വാഴ്ച രാവിലെ 7.30ന്**
**പെരുവനം നടവഴയിൽ ചേർപ്പ് ഭഗവതിയുടെ പഞ്ചാരിമേളം കൊട്ടികലാശിച്ചശേഷം സമർപ്പിക്കുന്നു.**



സാംസ്കാരിക നഗരിയായ തൃശ്ശിവപേരൂരിന് തിലകക്കുറി ആകുവാൻ എടക്കുന്നി മാക്കോത്ത് ശങ്കരൻകുട്ടിമാരാരുടേയും കേളത്ത് അമ്മിണി മാരാസ്യാരുടേയും ഏഴുമക്കളിൽ മൂത്ത പുത്രനായി കൊല്ലവർഷം 1119 - ാം ആണ്ടിൽ കേളത്ത് അരവിന്ദാക്ഷൻ ജനിച്ചു. പ്രാഥമിക വിദ്യാഭ്യാസത്തിനുശേഷം സ്വന്തം പിതാവിന്റെ ശിക്ഷണത്തിൽ ചെണ്ട, തിമില, ക്ഷേത്ര അടിയന്തിരത്തിനുവേണ്ട മറ്റു വാദ്യങ്ങൾ എന്നിവ അഭ്യസിച്ചു. തികഞ്ഞ മേള പാരമ്പര്യമുള്ള കുടുംബത്തിലെ അംഗമായതിനാൽ ഇതൊന്നും അരവിന്ദാക്ഷന് ഒരു ബുദ്ധിമുട്ട് ആയിരുന്നില്ല.

14 - ാം വയസ്സിൽ എടക്കുന്നി ഭഗവതി ക്ഷേത്രത്തിൽ തായമ്പക അരങ്ങേറ്റം കുറിച്ചു. തുടർന്ന് ആറാട്ടുപുഴ പൂരത്തിന് എടക്കുന്നി ഭഗവതിയുടെ മേളത്തിന് യശഃശരീരനായ മേളപ്രമാണി കുറുപ്പത്ത് നാണുമാരാരോടൊപ്പം മേള വിസ്മയത്തിന്റെ പൂക്കൾ വിരിയിച്ചുകൊണ്ടായിരുന്നു മേളസപര്യയുടെ തുടക്കം. തുടർന്ന് മദ്ധ്യകേരളത്തിലെ പല അമ്പലങ്ങളിലും അച്ഛനോടൊപ്പം പൂരോത്സവങ്ങളിൽ അണിനിരന്ന് താളവിസ്മയം തീർത്തു. തുടർന്നങ്ങോട്ട് മാക്കോത്ത് നാണുമാരാർ, ഈച്ചരമാരാർ, പെരുവനം അപ്പുമാരാർ, മഠത്തിൽ ഗോപാലൻമാരാർ തുടങ്ങി പത്മശ്രീ പെരുവനം കുട്ടൻമാരാരിൽ എത്തിനിൽക്കുന്ന അരവിന്ദാക്ഷൻമാരാരുടെ മേളപ്രയാണം ഇന്നും അനസ്യൂതം തുടരുന്നു. ഈ തിരക്കുകൾക്ക് ഇടയിൽ കുടുംബജീവിതത്തിന് സമയം നീക്കിവെയ്ക്കുന്നു. വാദ്യകലയെ അദ്ദേഹം പ്രണയിച്ച് ജീവിത സഖിയാക്കി. ഇപ്പോൾ മരുമക്കളോടൊപ്പം എടക്കുന്നിയിൽ താമസിക്കുന്നു.

അപൂർവ്വ മേളങ്ങളായ അടന്ത, അഞ്ചടന്ത, ധ്രുവം, ചെമ്പട, ചമ്പ എന്നിവയിൽ അരവിന്ദാക്ഷൻമാരാരുടെ പ്രാവീണ്യം എടുത്തു പറയത്തക്കതാണ്. ഇക്കാലയളവിൽ അനവധി പുരസ്ക്കാരങ്ങൾ ഇദ്ദേഹത്തെ തേടിയെത്തി. തൃപ്പൂണിത്തുറ, ഇരിങ്ങാലക്കുട, ആറാട്ടുപുഴ, തിരുവമ്പാടി, പാറമേക്കാവ്, ചേർപ്പ്, പെരുവനം, തൃപ്രയാർ, എടക്കുന്നി, കുട്ടനെല്ലൂർ, എറണാകുളം, അന്തിക്കാട് എന്നീ ക്ഷേത്രോത്സവങ്ങളിലും, കൂടാതെ ഭാരതത്തിലെ വിവിധ സംസ്ഥാനങ്ങളിലും അദ്ദേഹം തന്റെ തികഞ്ഞ അർപ്പണബോധവും, കലാനൈപുണ്യവും കൊണ്ട് മേളാസ്വാദകരെ ശബ്ദഗോപുരത്തിന്റെ ഉത്തുംഗ ശൃംഗങ്ങളിൽ എത്തിക്കുന്നു.

## ക്ഷേത്രത്തിലെ വിശേഷദിവസങ്ങൾ

| | | | | | |
|---|---|---|---|---|---|
| കുംഭം | 14 | 26-02-18 | തിങ്കൾ | - | കടാമ്പുഴ പ്രതിഷ്ഠാദിനം (ഏകാദശി) |
| മേടം | 14 | 27-04-18 | വെള്ളി | - | തളിയിലപ്പൻ പ്രതിഷ്ഠാദിനം |
| മിഥുനം | 09 | 23-06-18 | ശനി | - | ഭഗവതിയുടെ പ്രതിഷ്ഠാദിനം |
| കർക്കിടകം | 04 | 20-07-18 | വെള്ളി | - | അഷ്ടദ്രവ്യ മഹാഗണപതിഹോമം |
| കർക്കിടകം | 26 | 11-08-18 | ശനി | - | കർക്കിടക വാവുബലി തർപ്പണം |
| ചിങ്ങം | 1 | 17-08-18 | വെള്ളി | - | പശുഭജനം |
| ചിങ്ങം | 17 | 02-09-18 | ഞായർ | - | ശ്രീകൃഷ്ണജയന്തി |
| ചിങ്ങം | 28 | 13-09-18 | വ്യാഴം | - | വിനായക ചതുർത്ഥി |
| കന്നി | 24 | 10-10-18 | ബുധൻ | - | നവരാത്രി ആരംഭം |
| കന്നി | 31 | 17-10-18 | ബുധൻ | - | ദുർഗ്ഗാഷ്ടമി - പൂജവെയ്പ്പ് |
| തുലാം | 1 | 18-10-18 | വ്യാഴം | - | മഹാനവമി, തിരുവോണം പാട്ട് |
| തുലാം | 2 | 19-10-18 | വെള്ളി | - | വിജയദശമി - വിദ്യാരംഭം |
| വൃശ്ചികം | 1 | 17-11-18 | ശനി | - | മണ്ഡലകാലം ആരംഭം |
| വൃശ്ചികം | 7 | 23-11-18 | വെള്ളി | - | കാർത്തിക |
| ധനു | 4 | 19-12-18 | ബുധൻ | - | കുചേലദിനം |
| ധനു | 11 | 26-12-18 | ബുധൻ | - | മണ്ഡലകാലം അവസാനം |

## പ്രധാനവഴിപാടുകൾ

**വെളിച്ചെണ്ണ സമർപ്പണം, ചതുശ്ശതം നിവേദ്യം, നിറമാല**

### തിരുവോണ പൂജ

മംഗല്യത്തിനും, നെടുമംഗല്യത്തിനും, സർവ്വൈശ്വര്യത്തിനും വേണ്ടിയുള്ള തിരുവോണപൂജ എല്ലാ മാസവും തിരുവോണ നാളിൽ ദീപാരാധനയ്ക്കു ശേഷം നടത്തുന്നു.

### ഭൂമിപൂജ

ഭൂമി സംബന്ധമായ പ്രശ്നപരിഹാരങ്ങൾക്കായുള്ള ഭൂമിപൂജ എല്ലാ ചൊവ്വ, വെള്ളി, ഞായർ ദിവസങ്ങളിൽ രാവിലേയും, തിരുവോണപൂജ സമയത്തും നടത്തുന്നു.

**ക്ഷേത്രത്തിലെ വിളക്കുമാടത്തിലേക്ക് പുതിയ പിച്ചള ചിരാതുകൾ വഴിപാടായി സമർപ്പിക്കുന്നതിന് ഭക്തജനങ്ങൾ സഹകരിക്കുക. ചിരാത് വിളക്ക് ഒന്നിന് 100/- രൂപ.**


*With Best Complemets*

# THE KONDAZHY SERVICE CO-OPERATIVE BANK LTD. NO. 678

P.O. KONDAZHY, THRISSUR DT. PIN - 679 106

e-mail : kondazhyscb@gmail.com

Branches :

H.O : Kondazhy | Phone : 04884 286221

Mayannur | Phone : 286979

Chelakode | Phone : 253800

Fully Computerised

Our Services :

- Attractive interest rate for Fixed Deposits.
- ½% more interest for Senior Citizens.
- Saving Bank Accounts with 4.5% interest.
- Recurring Deposits and Monthly Deposit Scheme.
- Gold Loan with low interest.
- Short Term & Long Term Loan with low interest.
- Agricultural Loan with 7% interest.
- Neethi Store, Mannure & Presticides Sales.

President
V. Aravindhakshan

Secretary
C.M. Leema


Elite
GOOD FOR YOU
Half Cooked
Chapathi
Relish the homemade taste
NO ADDED MAIDA
Be Natural
10 Pieces
Premium
Quality
Daily Fresh
CHAPATHI
www.eliteindia.com
Call us at : 1800 425 4305 (Toll Free)


HONDA
The Power of Dreams
സ്വപ്നങ്ങൾ യാഥാർത്ഥ്യമാക്കും
ഓരോ യാത്രയും
സന്തോഷപൂർണ്ണമാകട്ടെ
ശ്രീവരി ഹോണ്ടയോടൊപ്പം!
*Conditions apply
Dio
Activa 125
CB Unicorn 150
Activa
CLIQ
GRAZIA
ഹോണ്ട സ്കൂട്ടർ വെറും
₹45,887/-*
ഹോണ്ട ആകുന്നു
HONDA
Srivari Honda
H.O: തൃശൂർ Ph: 9745778989
കുരിയച്ചിറ Ph: 9539188889
കുന്ദംകുളം Ph: 9539063889
വടക്കാഞ്ചേരി Ph: 9745306889
പഴയന്നൂർ Ph: 9645681789
എരുമപ്പെട്ടി Ph: 9072310689




ഞങ്ങളുടെ സേവനങ്ങൾ : ഫോറിൻ എക്സ്ചേഞ്ച് • എയർ ടിക്കറ്റിംഗ് & ടൂർസ് • ഗോൾഡ് ലോൺ

Do not litter.
Keep your surrounding clean.